**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5897** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുബ്രാന്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി സംഭരണ സമയത്തു തന്നെ പണം നൽകി കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ഇവ സംസ്കരിച്ച് വില്പന നടത്തുന്നതിനുമായി രൂപീകരിച്ച സൊസൈറ്റി നെൽകൃഷിക്കാർക്ക് എത്രത്തോളം സഹായമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി സംഭരണ സമയത്തു തന്നെ പണം നൽകി കൃഷിക്കാരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ഇവ സംസ്കരിച്ച് വിൽപ്പന നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം. പി.1449 (PAPCOS), കൂടാതെ പാലക്കാട് ഒഴികെ സംസ്ഥാന പരിധിയായിക്കൊണ്ട് കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായുള്ള കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കെറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്നീ രണ്ട് സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br>(1)പാപ്കോസ്:- പാലക്കാട് ജില്ലയിലെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചും, സംസ്കരിച്ചും, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, ആയതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യയോടു കൂടിയ അരിമിൽ, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുകയും ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴി വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്യുക, പാലക്കാട് ജില്ലയിലെ കൃഷിക്കാരെ എല്ലാവിധത്തിലും സഹായിക്കുകയും ജില്ലയിൽ നെൽകൃഷി |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. ടി ലക്ഷ്യ സാക്ഷാത്കാരത്തിനായി നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS ന്റെ മേൽനോട്ടത്തിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള ഇ-ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. (2)കാപ്കോസ് :- സംഘത്തിന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിയ്ക്കുക, കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും, കാർഷിക ഉൽപ്പന്നങ്ങൾ ജില്ലക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപെട്ട മുഴവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം. നിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലുള്ള മേൽ രണ്ട് സഹകരണ സംഘങ്ങളുടെയും പ്രവർത്തനം പൂർണ്ണ പഥത്തിൽ എത്തുമ്പോൾ മാത്രമേ ലക്ഷ്യമിട്ടതു പ്രകാരം നെൽകർഷകർക്ക് സഹായകമായി വർത്തിയ്ക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതു ബ്രാന്റിംഗ് അവതരിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുബ്രാന്റിംഗ് അവതരിപ്പിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. "ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിലേക്ക് രൂപകൽപ്പന ചെയ്ത coopkerala ട്രേഡ് മാർക്കിന് കേന്ദ്ര സർക്കാരിന്റെ ട്രേഡ് മാർക്ക് രജിസ്ട്രറിയിൽ നിന്നും രജിസ്ട്രേഷൻ നേടുകയുണ്ടായി. കൂടാതെ coopkerala സർട്ടിഫിക്കേഷൻ മാർക്ക് ഉല്പന്നങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പേർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥൻ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉടങ്ങിയവരുൾപ്പെട്ട 11 അംഗ |

| | | | |
|---|---|---|---|
| | | | മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 14 ജില്ലകളിൽ 14 സഹകരണ ഉൽപ്പന്ന വിപണന ശാലകൾ ആരംഭിക്കുകയും ടി ഉൽപ്പന്ന വിപണന ശാലകൾക്കു coopmart എന്ന നാമധേയം നൽകിക്കൊണ്ട് ടി ട്രേഡ് നെയിമിനും കേന്ദ്ര സർക്കാരിന്റെ ട്രേഡ് മാർക്ക് രജിസ്ട്രറിയിൽ നിന്നും രജിസ്ട്രേഷൻ ലഭ്യമാക്കിയിട്ടുള്ളതുമാണ്. പദ്ധതിയുടെ ഭാഗമായി E-selling mobile application & Web application software, ആദ്യഘട്ടം ഔട്ട്-ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ് വെയറിന് രൂപം നൽകുന്നതിനായുള്ള നടപടി വളരെ പുരോഗതിയിലാണ്. coopmart കൾക്ക് ആവശ്യമായ സഹകരണ ഉല്പന്നങ്ങൾ എത്തിക്കുന്നതിനുള്ള Logistics സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ